# ALL SAINTS' COLLEGE

Affiliated to University of Kerala, Thiruvananthapuram

https://www.allsaintscollege.ac.in

## CRITERIA-6

## GOVERNANCE, LEADERSHIP & MANAGEMENT




**6.3.2**

**Promotion Orders – Non Teaching Staff**

DCETVM/25289/2023-E1

**<u>കോളേജ് വിദ്യാഭ്യാസ വകുപ്പ്, ആസ്ഥാന കാര്യാലയം-ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം</u>**

കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം-സ്വകാര്യ എയ്ഡഡ് കോളേജുകൾ- തിരുവനന്തപുരം ,ഓൾ സെയിൻസ് കോളേജ് -അനധ്യാപക ജീവനക്കാര്യം-5 ജീവനക്കാരുടെ സ്ഥാനക്കയറ്റം അംഗീകരിച്ച് ഉത്തരവാകുന്നു .

---

**ഉത്തരവ് നമ്പർ: DCETVM/25289/2024/ E1** **തീയതി: 16-03-2024**

---

**പരാമർശം:**
1. 29/07/2016ലെ E1/18274(i)/2016/Coll.Edn നമ്പർ സ്റ്റാഫ് പാറ്റേൺ ഉത്തരവ്
2. 30/11/2023 ലെ NO.B4/ASC/NTS/1735/2023 ,30/11/2023 ലെ NO.B4/ASC/NTS/1735/2023 പ്രപ്പോസലുകൾ
3. 14/03/2023 ലെ NO.B4/ASC/NTS/2023 പ്രൊമോഷൻ ഉത്തരവ്
4. 04/05/2023ലെ NO.B4/ASC/NTS/2023 പ്രൊമോഷൻ ഉത്തരവ്
5. 01/06/2023 ലെ NO.B4/ASC/NTS/2023 പ്രൊമോഷൻ ഉത്തരവ്

തിരുവനന്തപുരം. ഓൾ സെയിൻസ് കോളേജിലെ 5 ജീവനക്കാരുടെ വിവിധ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിന് പരാമർശം (2) പ്രകാരം കോളേജ് പ്രിൻസിപ്പാൾ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രപ്പോസലുകളും പരാമർശം (3),(4),(5) പ്രകാരമുള്ള ഉത്തരവുകളും വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 5 ജീവനക്കാരുടെ സ്ഥാനക്കയറ്റം ഈ ഉത്തരവിനോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്ന സ്റ്റേറ്റ്മെന്റ് പ്രകാരം പ്രൊവിഷണലായി അംഗീകരിച്ച് ഉത്തരവാകുന്നു.

ഈ ഉത്തരവിന്റെയും അനുബന്ധ സ്റ്റേറ്റ്മെന്റിന്റെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് പ്രിൻസിപ്പാൾ സേവന പുസ്തകത്തിൽ പതിക്കേണ്ടതും അതോടൊപ്പം സ്ഥാനക്കയറ്റം നൽകുന്നതിന് ആധാരമായ വ്യവസ്ഥകളുടെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥാനക്കയറ്റത്തിന് ആവശ്യമായ യോഗ്യതകൾ, ജനന തീയതി എന്നിവ അതാത് മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ ശമ്പളം അനുവദിച്ചു നൽകുന്നതിനു മുമ്പായി പരിശോധിക്കേണ്ടതും അത് സേവന പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.പരാമർശം (1) പ്രകാരം പ്രസ്തുത കോളേജിൽ സ്റ്റാഫ് പാറ്റേൺ പ്രകാരം അനുവദിച്ചിരിക്കുന്ന തസ്തികകളിൽ, അനുവദനിയമായതിലധികം ജീവനക്കാരില്ലെന്ന് ശമ്പളം അനുവദിച്ചു നൽകുന്നതിന് മുമ്പായി മേഖല ഡെപ്യൂട്ടി ഡയറക്ടർ ഉറപ്പു വരുത്തേണ്ടതാണ്.

നിബന്ധനകൾക്ക് വിധേയമായി പ്രൊവിഷണലായി സ്ഥാനക്കയറ്റ അംഗീകാരം ലഭിക്കുന്നവരുടെ സേവന പുസ്തകത്തിൽ പ്രിൻസിപ്പാൾ ആയതിന്റെ വിവരങ്ങൾ ഈ ഉത്തരവ് പ്രകാരം തന്നെ രേഖപ്പെടുത്തേണ്ടതാണ്. സ്ഥാനക്കയറ്റ അംഗീകാരം ലഭിച്ച തസ്തികയിൽ ശമ്പളം അനുവദിച്ചു നൽകുന്നതിന് മുമ്പ് മേഖല ഡെപ്യൂട്ടി ഡയറക്ടർ പ്രസ്തുത രേഖപ്പെടുത്തലുകൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.ഈ സ്ഥാനക്കയറ്റം ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടുകൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായിരിക്കും .

ഒപ്പ്/-
SUNIL JOHN J
DEPUTY DIRECTOR

പകർപ്പ്:
1. കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
2. പ്രിൻസിപ്പാൾ, ആൾ സയൻസ് കോളേജ് ,തിരുവനന്തപുരം

ALL SAINTS' COLLEGE
TRIVANDRUM-7, S.INDIA

Reshmi
PRINCIPAL
All Saint's College
Thiruvananthapuram

**തിരുവനന്തപുരം കോളേജ് വിദ്യാഭ്യാസ വകുപ്പ് ആസ്ഥാനകാര്യാലയം ഡെപ്യൂട്ടി ഡയറക്ടറുടെ 16-03-2024 ലെ ഉത്തരവ് നം. DCETVM/25289/2023-E1പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്**

കോളേജിന്റെ പേര് : ഓൾ സെയിൻസ് കോളേജ് ,തിരുവനന്തപുരം

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| ക്രമ നം | സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാരന്റെ പേര്, നിലവിലെ തസ്തിക, ശമ്പളം, ശമ്പള സ്കെയിൽ | യോഗ്യത | സ്ഥാനക്കയറ്റം ലഭിച്ച തസ്തിക, തീയതി | സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിലെ ശമ്പളം, ശമ്പള സ്കെയിൽ | ഒഴിവ് സംബന്ധിച്ച വിവരങ്ങൾ |
| 1 | സിസ്റ്റർ ജോഷി ജോസെഫ് ഓഫീസ് അറ്റന്റന്റ് 23700/- (23000-50200) | SSLC | ക്ലാർക്ക് 14/10/2023 FN | 26500/- (26500-60700) | ലത വർഗീസ് ഹെഡ് അക്കൗണ്ടന്റ് ആയി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് (09/08/2022 ലെ E1/21696/2022/DCE നമ്പർ ഉത്തരവ് ) |
| 2 | ശ്രീമതി ജിൻഷി ഓഫീസ് അറ്റന്റന്റ് 23700/- (23000-50200) | SSLC | ക്ലാർക്ക് 04/05/2023 FN | 26500/- (26500-60700) | സിസ്റ്റർ ടീസ എ ജെ ഹെഡ് അക്കൗണ്ടന്റ് ആയി സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ് (26/12/2022 ലെ E1/45765/2022/DCE നമ്പർ ഉത്തരവ് ) |
| 3 | ശ്രീമതി സുനി ഫ്രാൻസിസ് ഓഫീസ് അറ്റന്റന്റ് 23700/- (23000-50200) | SSLC | ലാബ് അസിസ്റ്റന്റ്, 04/05/2023 FN | 25100/- (24400-55200) | ശ്രീമതി ലത വർഗീസ് എൽ ഡി ക്ലാർക്ക് ആയ ഒഴിവ് (02/11/2019 ലെ E1/58696/2019/DCE നമ്പർ ഉത്തരവ് ) |
| 4 | സിസ്റ്റർ ടീസ എ.ജെ ഹെഡ് അക്കൗണ്ടന്റ് 43400/- (39300-83000) | SSLC | ജൂനിയർ സൂപ്രണ്ട് 01/06/2023 | 45600/- (43400-91200) | ശ്രീമതി ലത വർഗീസ് ജൂനിയർ സൂപ്രണ്ട് വിരമിച്ച ഒഴിവ് (31/05/2023) |
| 5 | സിസ്റ്റർ ജെസ്സി തോമസ് ,സീനിയർ ക്ലാർക്ക് , 39300/- (35600-75400) | SSLC | ഹെഡ് അക്കൗണ്ടന്റ് 01/06/2023 | 41300/- (39300-83000) | സിസ്റ്റർ ടീസ ജൂനിയർ സൂപ്രണ്ട് ആയ ഒഴിവ് (ക്രമ നം 4 ) |

*KPSC നടത്തുന്ന അറ്റൻഡർ ടെസ്റ്റ് 5 അവസരങ്ങൾക്കുള്ളിൽ വിജയിക്കണമെന്ന നിബന്ധനയിൽ സ്ഥാനക്കയറ്റങ്ങൾ അംഗീകരിക്കുന്നു.

SUNIL JOHN J
DEPUTY DIRECTOR

Signed by
Sunil John J
Date: 16-03-2024 15:17:16

ALL SAINTS' COLLEGE
TRIVANDRUM-7, S.INDIA

Reshmi
PRINCIPAL
All Saint's College
Thiruvananthapuram